# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അനങ്ങനടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി-പി16-1313/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/11/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അനങ്ങനടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി-പി16-1313/24 തീയ്യതി: 01/11/2024

## പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-12-2023 മുതൽ 15-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2024 | 27-08-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2024 | 27-08-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ- ഓഡിറ്റ് ഓഫീസർ

രാജൻ.കെ.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ

മുഹമ്മദ് ഹിഷാം.എം - സീനിയർ ഗ്രേഡ് ഓഡിറ്റർ

സന്ദീപ്.കെ.വി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചന്ദ്രൻ.പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ജലജകുമാരി.എ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അഞ്ജു.കെ.ബേബി | കൃഷി ഓഫീസർ | 01-04-2023 | 28-04-2023 |
| ശ്രീമതി.ജാസ്മിൻ.പി.എ. | കൃഷി ഓഫീസർ | 29-04-2023 | 19-05-2023 |
| ശ്രീമതി.റുബീന | കൃഷി ഓഫീസർ | 20-05-2023 | 06-06-2023 |
| ശ്രീമതി.ശിൽപ.കെ.എസ്. | കൃഷി ഓഫീസർ | 07-06-2023 | 03-08-2023 |
| ശ്രീമതി.റുബീന | കൃഷി ഓഫീസർ | 04-08-2023 | 16-08-2023 |
| ശ്രീമതി.അപർണ്ണ.വി.ഒ. | കൃഷി ഓഫീസർ | 17-08-2023 | 31-03-2024 |
| ഡോ.സൗമ്യ.വി.എം. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2023 | 31-03-2024 |
| ഡോ.രാജി.വി.പി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.രേണു.എസ്.ആർ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.സൂസൻ ചെറിയാൻ | വെറ്ററിനറി സർജൻ | 01-04-2023 | 29-02-2024 |
| ഡോ.ജയചന്ദ്രൻ.പി.കെ. | വെറ്ററിനറി സർജൻ | 01-03-2024 | 31-03-2024 |
| ശ്രീമതി.ദീപ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.കാഞ്ചന.കെ.എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ.അജിത്ത്.കെ.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ.ഗോപകുമാർ.പി.എം. | വി.ഇ.ഒ. | 01-04-2023 | 20-08-2023 |
| ശ്രീമതി.സരിത.ടി.എം. | വി.ഇ.ഒ. | 21-08-2023 | 14-12-2023 |
| ശ്രീമതി.ആശ എ.എസ്. | വി.ഇ.ഒ. | 15-12-2023 | 31-03-2024 |
| ശ്രീ.സുകേഷ്.സി.യു. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 24-07-2023 |
| ശ്രീമതി.മാലിനി.കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 25-07-2023 | 06-09-2023 |
| ശ്രീ.ഋഷികേശ്.കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 07-09-2023 | 31-03-2024 |

,

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | അക്രൂവൽ സ്വഭാവമില്ലാത്ത വരവുകളിൽ പൊരുത്തേക്കേട്ട കാണുന്നു | 1-1-2 |
| 4 | ആസ്തി അപ്ഡേറ്റ് ചെയ്തിട്ടില്ല | 1-1-3 |
| 5 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-1-4 |
| 6 | ഡെപ്പോസിറ്റ് റജിസ്റ്ററിലെ അപാകതകൾ | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ പദ്ധതി | 1-6 |
| 12 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തൊഴിൽ നികുതി | 1-11 |
| 17 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 18 | ക്രമവൽകരണ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു | 1-13 |
| 19 | ഷോപ്പിംഗ് കോംപ്ലക്സിലെ കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്. | 1-14 |
| 20 | ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് | 1-15 |
| 21 | യോഗ മിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ് | 1-16 |
| 22 | വാഹന പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം | 1-17 |
| 23 | ബാലസഭ പ്രവർത്തനങ്ങൾ– മുൻകൂർ പിൻവലിച്ച തുക തിരികെ അടവാക്കണം | 1-18 |
| 24 | തുല്യത കോഴ്സ് ഫീസ് നൽകൽ–രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 25 | സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം-കുടിവെള്ള പദ്ധതികളുടെ പരിപാലന ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല | 1-20 |
| 26 | എ.ബി.സി പദ്ധതി വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 27 | മാലിന്യ നിർമാർജ്ജനം- പ്രൊജക്ട് നിർവ്വഹണത്തിൽ വീഴ്ച | 1-22 |
| 28 | എസ്.എസ്.കെ വിഹിതം -ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യാലങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ– വിശദാംശങ്ങൾ ലഭ്യമാക്കണം | 1-23 |
| 29 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- പ്രൊജക്ട് നിർവ്വഹണം ക്രമപ്രകാരമല്ല | 1-24 |
| 30 | ഞങ്ങളും കൃഷിയിലേക്ക് -ഹൈബ്രിഡ് പച്ചക്കറി തൈവിത്ത് വിതരണം | 1-25 |
| 31 | JLG സംരഭങ്ങൾക്ക് പച്ചക്കറി തൈ, വിത്ത് വിതരണം പ്രോജക്ട്-അപാകതകൾ | 1-26 |
| 32 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തികരിച്ചില്ല | 1-27 |
| 33 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 34 | മരാമത്ത് പ്രവൃത്തികൾ– പൊതു അപാകതകൾ | 1-29 |
| 35 | മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം | 1-30 |
| 36 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ-പ്രവർത്തനാവലോകനം | 1-31 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ് ചെലവ് കണക്കുകൾ സംഗ്രഹം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30-5-24 തീയതിയിലെ 1(2) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24-8-2024തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്,

തീയതി : 01.11.2024.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

1. അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

### 1-1-2 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകളിൽ പൊരുത്തക്കേട് കാണുന്നു

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കിലെ ഷെഡ്യൂൾ RP-4 പ്രകാരം Fees & User Charges ആകെ 2,478,994.00/-രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 2,634,807.00/-രൂപയും ആണ്.

### 1-1-3 ആസ്തി അപ്ഡേറ്റ് ചെയ്തിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-4 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ന്യൂ ബിൽഡിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-5 ഡെപ്പോസിറ്റ് റജിസ്റ്ററിലെ അപാകതകൾ

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഒരോ ഹെഡുകളിലും സംക്ഷിപ്തം എഴുതിയിട്ടുണ്ടെങ്കിലും ഓരോ ഹെഡിലും വരുന്ന ഇനങ്ങളുടെ വിവരം പ്രതേകം എഴുതി സൂക്ഷിക്കാത്തതിനാൽ ഓരോ ഹെഡിലെയും Receivables & Payment ന്റെ വിവരം കൃത്യമായി പരിശോധിക്കാൻ കഴിയുന്നില്ല.

### 1-2 ബജറ്റ്

08-03-2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 06.02.2024 ലെ ഭരണ സമിതി യോഗതീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 7464814 |
| തൻവർഷം വരവ് | 149976718 |
| ആകെ വരവ് | 157441532 |
| ചെലവ് | 150723863 |
| നീക്കിയിരിപ്പ് | 6717669 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17338604 |

| | |
|---|---|
| വരവ് | 47201129 |
| ആകെ | 64539733 |
| ചെലവ് | 41665660 |
| നീക്കിയിരിപ്പ് | 22874073 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 19731000 | 19731000 | 17977632 | 1753368 |
| വികസനഫണ്ട് -എസ്.സി.പി | 0 | 9407100 | 9407100 | 6438772 | 2968328 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 22201150 | 22201150 | 566920 | 21634230 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 2238600 | 2238600 | 1552675 | 685925 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 1930656 | 3460261 | 5390917 | 3310564 | 2080353 * |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 5250006 | 2450500 | 7700506 | 2154162 | 5546344 |

*പലിശ വരവ് ഉൾപ്പെടെയുള്ള തുക

** CFC B4,B17 ബാലൻസ് വ്യത്യാസം-46329 രൂപ (IT,GST തുകകൾ 4/2024 ന് മാത്രമാണ് അടവാക്കിയത്)

### കേന്ദ്രാവിഷ്കൃതം

| ഫണ്ട് | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 559273 | 1319809 | 1879082 | 1235321 | 643761 |
| TSC | 553526 | 0 | 553526 | 0 | 553526 |
| PBIG | 627350 | 0 | 627350 | 50000 | 577350 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 267330 | 906675 | 1174005 | 372726 | 801279 |
| ഹെൽത്ത് ഗ്രാന്റ് (Towards Buildingless Sub Centres PHC& CHCs) | 0 | 2814519 | 2814519 | 0 | 2814519 |
| ഹെൽത്ത് ഗ്രാന്റ് | 160302 | 383129 | 543431 | 287631 | 255800 |

| ( Conversion To Wellness Centres) | | | | | |
|---|---|---|---|---|---|

**ബി) തൊഴിലുറപ്പ് പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 856202 | 856202 | 855881 | 321 |
| തൊഴിലാളികളുടെ വേതനം | 0 | 17933861 | 17933861 | 17933861 | 0 |
| ആകെ | 0 | 0 | 18790063 | 18789742 | 321 |

**C)സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 189773 | 0 | 189773 | 0 | 189773 * |
| ലൈഫ് മിഷൻ | 125000 | 4200000 | 4325000 | 3080000 | 1245000 * |

*AFS ൽ 320100198 എന്ന ഹെഡിൽ ശുചിത്വമിഷൻ+PBIG തുകകൾ ഉൾപ്പെടെയുള്ളതാണ്

** AFS ൽ ലൈഫ് മിഷന്റെ ബാലൻസായി ചേർത്തിട്ടുള്ളത് 1267000 എന്നാണ്. ആയത് ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നതിന്റെ ബാലൻസ് 22000 ഉൾപ്പെടെയുള്ളതാണ്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

1-5(1)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീ കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 243 | 120965499 | 122 | 46673756 | 50 |

1-5-2

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 4200215 | 3455858 | 82 |
| വെറ്ററിനറി സർജ്ജൻ | 11 | 6 | 4589000 | 488841 | 11 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 9 | 3531019 | 1931670 | 55 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 790000 | 782278 | 99 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 1 | 400000 | 27308 | 7 |
| വി.ഇ.ഒ | 13 | 9 | 38703255 | 15886533 | 41 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 6863804 | 5595398 | 82 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 690000 | 77 |
| സെക്രട്ടറി | 49 | 27 | 9377549 | 7869052 | 84 |
| അസി.സെക്രട്ടറി | 8 | 5 | 2648240 | 2016638 | 76 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 128 | 46 | 48962417 | 7930180 | 16 |
| ആകെ | 243 | 122 | 120965499 | 46673756 | 39 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 856202 | 856202 | 855881 | 321 |
| തൊഴിലാളികളുടെ വേതനം | 0 | 17933861 | 17933861 | 17933861 | 0 |
| ആകെ | 0 | 18790063 | 18790063 | 18789742 | 321 |

## 1-7 സാമൂഹ്യ ക്ഷേമ പെൻഷനുകൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 961000 | 78 |
| 2 | വിധവാ പെൻഷൻ | 12229700 | 1107 |
| 3 | വാർദ്ധക്യകാല പെൻഷൻ | 23595000 | 2210 |
| 4 | വികലാംഗ പെൻഷൻ | 3364000 | 32 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1425600 | 128 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2024 തീയതിയിൽ 3.00 P.m. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23714/- (ഇരുപത്തി മൂന്നായിരത്തി എഴുനൂറ്റി പതിനാല്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 2023 ജൂലൈ പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, ശുചിത്വമിഷൻ ഫണ്ട്, മറ്റു ഗ്രാന്റുകൾ എന്നിവയുടെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വികസന ഫണ്ടുകൾ യഥാസമയം ചെലവഴിച്ച് ഫണ്ടുകൾ ലാപ്സാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ പി.ഡബ്ല്യൂ.ഡി മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

23-1-2016 മുതൽ 6-2-2016 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

6.10.2023 തിയതിയിലെ A&G (HQ)III/III/8A-2374/2015-16/166 Dt. 6.10.2023 നം. കത്ത് പ്രകാരം ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 മാസത്തെ ഓഡിറ്റ് 10-1-2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 തൊഴിൽ നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|
| 1 | വില്ലേജ് ഓഫീസ് അനങ്ങനടി | 2 | 1 St |
| 2 | ചേറമ്പറ്റക്കാവ് പോസ്റ്റ് ഓഫീസ് | 18 | 1 St & 2 Nd |

മേൽ പരാമർശങ്ങളെക്കുറിച്ചുള്ള എൻക്വയറിയ്ക്ക് (7/6.12.2023) നൽകിയ മറുപടി തൃപ്തികരമല്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 ഡബ്ലിയു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സെക്ഷൻ 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2)

പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ.' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 71 കെട്ടിടങ്ങളുടെ വിവരം അനധികൃത നിർമ്മാണം സംബന്ധിച്ച സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

യു.എ നമ്പർ അനുവദിച്ച ഏതാനും കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | അപേക്ഷകന്റെ പേര് | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 3/1 UA | റഫീക്ക് | 100.81 | പാർപ്പിടാവശ്യം |
| 2 | 7/3 UA | അബ്ദുൾഹക്കിം | 134.88 | പാർപ്പിടാവശ്യം |
| 3 | 9/64 UA | അഷറഫ് സഫിയ | 139.45 | പാർപ്പിടാവശ്യം |
| 4 | 13/74 UA | വിയുമ്മ | 104.76 | പാർപ്പിടാവശ്യം |
| 5 | 14/59 UA | മൊയ്തീൻകുട്ടി | 285.6 | പാർപ്പിടാവശ്യം |
| 6 | 15/47 UA | സുലൈഖ | 104.62 | പാർപ്പിടാവശ്യം |
| 7 | 15/61 UA | ജയശ്രീ | 137.96 | പാർപ്പിടാവശ്യം |

2. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം **ഫോറം 9ബി എത്ര** പേർ ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചു, എത്ര കെട്ടിടങ്ങൾക്ക് തുടർ നടപടി അറിയിച്ചിട്ടുണ്ട് എന്ന് വ്യക്തമല്ല.

ഓഡിറ്റ് അന്വേഷണം നം. 12/24.07.2024 ന് മറുപടിയായി 120 M2 വരെയുള്ള കെട്ടിടങ്ങൾക്ക് RDO അനുമതി ലഭിക്കുന്നമുറക്ക് നമ്പർ അനുവദിക്കുന്നതാണ് എന്ന് അറിയിച്ചു. കൂടാതെ 9ബി ഫോം 348 എണ്ണം ലഭിച്ചു സോഫ്റ്റ്വെയറിൽ ചെയ്യുന്നതിനുള്ള ക്രമീകരണം നടത്തുന്ന മുറക്ക് നടപടി സ്വീകരിക്കാമെന്ന് അറിയിച്ചു.

അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, 235 എഎ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

**1-13 ക്രമവൽകരണ ഫീസ് ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു**

അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ ക്രമവൽകരണ ഫയൽ പരിശോധിച്ചപ്പോൾ കെട്ടിട നിർമാണ

പെർമിറ്റ് എടുത്തതിനുശേഷം അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നടത്തുന്ന പ്രവർത്തികൾക്ക് പെർമിറ്റ് ഫീസിന്റെ ഇരട്ടി ഫീസ് വാങ്ങി ക്രമവത്ക്കരണം നടത്തണം എന്നിരിക്കെ അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള നിർമാണത്തിന് രാജിയാക്കൽ ഫീസായി വാങ്ങാതെ നമ്പർ അനുവദിച്ചിരിക്കുന്നു. കൂടുതൽ വിവരം ചുവടെ ചേർക്കുന്നു.

അബ്ദുൾ അലി 25/05/2022 ന് A3-BA(171831)/2022 പ്രകാരം പാപ്പിടാവശ്യത്തിനായി 267.33 Sqm പെർമിറ്റ് എടുക്കുകയും പിന്നീട് പണിപൂർത്തിയാക്കുകയും 292.68 Sqm തറവിസ്തീർണത്തിൽ 13/320/A എന്ന കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തു (292.68-267.33= 25.35) വ്യതിചലിച്ച് നടത്തിയ പ്രവർത്തിക്ക് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

സ.ഉ. (കൈ) നം.97/2024/LSGD 30.07.2024 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന നിലവിലുള്ള കെട്ടിട നിർമാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് സ്ക്രൂട്ടിനി ഫീസ് എന്നിവ 1.08.2024 മുതൽ പ്രബല്യത്തിൽ കുറവ് വരുത്തി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് ചുവടെ പറയുന്ന പ്രകാരമാണ് ഫീസ് ഈടാക്കാവുന്നതാണ്.

ഉത്തരവ് പ്രകാരം പെർമിറ്റ് ഫീസ് – ഗ്രാമപഞ്ചായത്ത്

| | 81-150 $M^2$ | 151-300 $M^2$ | 300 Sq.mt ന് മുകളിൽ |
|---|---|---|---|
| താമസം | 25രൂപ/$m^2$ | 50രൂപ/$m^2$ | 100രൂപ/$m^2$ |
| വ്യവസായം | 30രൂപ/$m^2$ | 50രൂപ/$m^2$ | 100രൂപ/$m^2$ |
| വാണിജ്യം | 40രൂപ/$m^2$ | 70രൂപ/$m^2$ | 120 രൂപ/$m^2$ |
| മറ്റുള്ളവ | 30രൂപ/$m^2$ | 60രൂപ/$m^2$ | 90രൂപ/$m^2$ |

വ്യതിചലിച്ച് നടത്തിയ പ്രവർത്തി -രാജിയാക്കൽ ഫീസ്--25.35x50=1267.5x2=2535 രൂപ

ഓഡിറ്റ് അന്വേഷണം നം. 23/24.08.2024 നെ തുടർന്ന് അധികരിച്ച് നടത്തിയ പ്രവൃത്തിക്ക് രസീതി പ്രകാരം തുക 1240201632 രസീതി 27/08/2024 തിയതിയിൽ അടവാക്കിയിട്ടുണ്ട്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സിലെ കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള വരവ്, കുടിശ്ശിക എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വരവിനം | AFS പ്രകാരം |
|---|---|
| തൻവർഷ ഡിമാന്റ് | Rent From Building - 39,936.00 |
| തൻവർഷ കളക്ഷൻ | Rent From Auditoriums And Halls -4,500.00 |
| തൻവർഷ കുടിശ്ശിക B-15 | Rent From Building (Current) – 39,936.00 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | Rent From Building (Arrears) – 56,142.00 |

കുടിശ്ശിക ഇനത്തിലുള്ള തുക പിരിച്ചെടുക്കാനുള്ള തുക പിരിചെടുത്ത് ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-15 ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി ഉപയോഗിക്കുന്നത് സംബന്ധിച്ച്

സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ഹെൽത്ത് ഗ്രാന്റ് താഴെ പറയും പ്രകാരം നീക്കിയിരുപ്പായി അവശേഷിക്കുന്നു.

| ക്രമ | ഹെഡ് | സ്കീം | നീക്കിയിരുപ്പ് |
|---|---|---|---|

| നം. | | | |
|---|---|---|---|
| 1 | 320100202 | Health Grant Towards Support For Diagnostic Infrastructure To PHC's | 801279 |
| 2 | 320100203 | Health Grant (Towards Buildingless PHCs CHC & Subcentres | 2814519 |
| 3 | 320100204 | Health Grant Towards Conversion Of PHCs And Subcentersinto Health And Wellness Centre | 255800 |

അനങ്ങനടി സബ്സെന്റർ ഉൾപ്പെടെ പി.എച്ച്.സിയിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. തൻ വർഷം 660357 /-രൂപ ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം ലഭ്യമായ Health Grant-4104323/-രൂപയാണ്. ലഭ്യമായ തുകയിൽ 6.2 % മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ഹെൽത്ത്ഗ്രാന്റ് കാര്യക്ഷമമായ രീതിയിൽ ചെലവഴിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന്റെ (നം.13/23-08-2024) ന് നൽകിയ മറുപടിയിട്ടില്ല. തുടർ വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗം മുൻകൂട്ടി ഉറപ്പാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-16 യോഗ മിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 4.1.2024 | 26.1.2024 |
| 19.1.2024 | 17.2.2024 |
| 6.2.2024 | 15.3.2024 |
| 14.2.2024 | 22.2.2024 |
| 17.2.2024 | 13.3.2024 |
| 22.2.2024 | 6.3.2024 |
| 5.3.2024 | 22.5.2024 |
| 13.3.2024 | 11.4.2024 |
| 16.3.2024 | 2.4.2024 |

| | |
|---|---|
| 8.4.2024 | 22.4.2024 |
| 7.5.2024 | 30.5.2024 |
| 30.5.2024 | 28.6.2024 |
| 15.6.2024 | 4.7.2024 |
| 8.7.2024 | 22.7.2024 |
| 23.7.2024 | 5.8.2024 |

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം.14/24.8.2024) അജണ്ടകൾ കൂടുതലുള്ള ഭരണ സമിതി യോഗങ്ങളുടെ തീരുമാനങ്ങൾ ആണ് സകർമ്മ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താൻ കാലതാമസമുണ്ടായതെന്ന മറുപടിയാണ് ലഭ്യമായിട്ടുള്ളത്. നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിറ്റ്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിറ്റ്സ് തയ്യാറാക്കി അംഗീകാരം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-17 വാഹന പരിപാലനം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം**

ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 11.11.2019 ലെ 88/2019/ധന നമ്പർ ഉപരിപത്രം പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ Www.veels.kerala.gov.in ൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020 ലെ 59/2020/ധന നമ്പർ പരിപത്രം പ്രകാരം VEELS പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 02.11.2021 ലെ 103/2021/ധന ഉപരിപത്രം പ്രകാരം ഇതു സംബന്ധിച്ചുള്ള തുടർനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ)നം 1172/2024/LSGD/29.6.24 പ്രകാരം **തദ്ദേശ സ്വയംഭരണ വകുപ്പിന്** കീഴിലുള്ള വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL51 J 2926 MAHINDRA BOLERO വാഹനം VEELS പോർട്ടലിൽ (Www.veels.kerala.gov.in) രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനും, ഓഡിറ്റ് അന്വേഷണം (നം.3/21.08.2024) നൽകിയിരുന്നു.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ VEELS പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള പുരോഗമിച്ചുവരുന്നുണ്ടെന്നും, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്നത് സംബന്ധിച്ച് കൊല്ലം ആസ്ഥാനമായ കേരള സർക്കാർ സ്ഥാപനം United Electrical Industries Ltd ൽ നിന്നും ലഭിച്ച കത്ത് ഭരണസമിതിയുടെ പരിഗണനക്ക് സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

KL51 J 2926 MAHINDRA BOLERO വാഹനം VEELS പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കേണ്ടതുമാണ്.

### 1-18 ബാലസഭ പ്രവർത്തനങ്ങൾ- മുൻകൂർ പിൻവലിച്ച തുക തിരികെ അടവാക്കണം

പ്രൊജക്റ്റ് നമ്പർ-74/24 "ബാലസഭ പ്രവർത്തനങ്ങൾ"

അടങ്കൽ - രൂ.15000.00( വികസന ഫണ്ട് -ജനറൽ)

ചെലവ് - രൂ.15000.00 ( ബിൽ നം 7/14.3.24)

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ബാലസഭ പ്രവർത്തനങ്ങൾക്കായി 15000 രൂപ CDS Chairperson/Member Secretary യുടെ പേരിലുള്ള SBI അനങ്ങനടി ശാഖയിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് (IFSC Code-SBIN0070552 A/c No 57061208315 ) മേൽ പ്രൊജക്റ്റ് പ്രകാരം നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 115/2022/തസ്വഭവ തീയതി 28.05.22 ഖണ്ഡിക 7.7.10പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ബാലസഭക്കായി പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും, ചെലവുരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.6/21.8.24 നൽകിയതിനെ തുടർന്ന് 2980 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. ചെലവു രേഖകൾ ഹാജരാക്കാത്ത കാര്യത്തിൽ 12020 രൂപ ചെലവു ചെയ്തത് തടസ്സപ്പെടുത്തുന്നു. ഈ തുക സഞ്ചിത നിധിയിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-19 തുല്യത കോഴ്സ് ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നമ്പർ - 51/24 – സാക്ഷരതാ പത്താംതരം ഹയർ സെക്കണ്ടറി തുല്യത കോഴ്സ് ഫീസ് നൽകൽ

അടങ്കൽ - രൂ. 120000.00 (വികസന ഫണ്ട്-100000.00 +ഗു.ഭോ.വിഹിതം 20000.00 )

ചെലവ്- രൂ. 116650.00

| ബിൽ നം , തീയതി | തുക | ഫണ്ടിനം |
|---|---|---|
| 389,24/03/2024 | 7350.00 | ഗു.ഭോ.വിഹിതം |
| 395,24/03/2024 | 12500.00 | ഗു.ഭോ.വിഹിതം |
| 388, 24/03/2024 | 31500.00 | വികസന ഫണ്ട്(ജനറൽ) |
| 394,24/03/2024 | 65200.00 | വികസന ഫണ്ട്(ജനറൽ) |

നിർവഹണം- സെക്രട്ടറി

മേൽ പ്രൊജക്റ്റ് പ്രകാരം തുല്യത പരീക്ഷക്ക് വേണ്ടി കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

എ) പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 2.15(2) ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന പഠിതാക്കളുടെ കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയിൽ അധികരിക്കുന്നില്ലെന്ന് തെളിയിക്കുന്ന രേഖകൾ

ബി)തുല്യതാ പഠനഫീസ് അനുവദിച്ച ഗുണ ഭോക്താക്കളുടെ പേര്, വിലാസം, രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ

സി)തുല്യതാ പഠനഫീസ് അനുവദിച്ച ഗുണ ഭോക്താക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ( ഹാൾടിക്കറ്റ് , മാർക്ക് ലിസ്റ്റ് മുതലായവ)

ഡി) ഗുണഭോക്താക്കൾ ഭിന്ന ശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ വിശദാംശങ്ങൾ

ഇ)പ്രൊജക്റ്റ് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 26/24.8.24 ന മറുപടിയിൽ പ്രസ്തുത രേഖകൾ ജില്ലാ സാക്ഷരത മിഷൻ നിയോഗിച്ച പ്രേരക് മുഖേനയാണ് പ്രൊജക്റ്റ് നടപ്പാക്കുന്നതെന്നും, ഓഡിറ്റ്

അന്വേഷണത്തിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലെന്നും, വിവരങ്ങളും രേഖകളും ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ സാക്ഷരതാമിഷൻ കോഓർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണം നം 26/24.8.24 ന മറുപടി അറിയിച്ചിട്ടുണ്ട്.

രേഖകൾ ഹാജരാക്കാത്തതിനാൽ 96700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം-കുടിവെള്ള പദ്ധതികളുടെ പരിപാലന ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല**

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ വൈദ്യുതിചാർജ്ജും അനുബന്ധ ചെലവുകളും ഗ്രാമപഞ്ചായത്താണ് ഫണ്ടിൽ നിന്നുമാണ് നിർവഹിച്ച് വരുന്നത്.

| ക്രമ നം. | പേര് |
|---|---|
| 1 | അമ്പലവട്ടം |
| 2 | കാഞ്ഞിരം നവോദയം |
| 3 | ഐക്യത്തിൽപടി |
| 4 | ആലച്ചികുണ്ട് |
| 5 | വെള്ളിനാംകുന്ന് |
| 6 | പാറമ്മേൽകോളനി |

കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയ്യതി 19.4.2022 14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 8.1 ( ബി ) 25 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ എ സ.ഉ. (സാധാ) നം. 1275/2009/ ത.സ്വ.ഭ.വ, തീയ്യതി. 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, പരിപാലനം എന്നിവ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.മേൽ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി അനങ്ങനടി ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 213087.00 രൂപ ചെലവഴിച്ചിട്ടുണ്ട്.

| തീയതി | വൗച്ചർ നം. | തുക |
|---|---|---|
| 13-04-2023 | 42300007 | 21,547 |
| 08-05-2023 | 42300056 | 20,217 |
| 12-06-2023 | 42300131 | 17,747 |
| 06-07-2023 | 42300219 | 13,535 |
| 07-08-2023 | 42300287 | 15,373 |
| 11-09-2023 | 42300378 | 15,132 |
| 09-10-2023 | 42300413 | 17,200 |
| 10-10-2023 | 42300435 | 771 |
| 04-11-2023 | 42300527 | 13,942 |
| 17-11-2023 | 42300547 | 191 |
| 08-12-2023 | 42300594 | 279 |
| 14-12-2023 | 42300610 | 18,208 |
| 30-12-2023 | 42300630 | 5,704 |

| | | |
|---|---|---|
| 06-01-2024 | 42300660 | 19,124 |
| 08-02-2024 | 42300751 | 13,642 |
| 15-03-2024 | 42300863 | 20,475 |
| | ആകെ | 213087 |

കുടിവെള്ള പദ്ധതികൾ സംബന്ധിച്ച ഫയലും, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും, പരിപാലനവും ഉണഭോക്തൃ സമിതികൾക്ക് കൈമാറാത്തത് സംബന്ധിച്ച് വിശദീകരണവും, ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്ന രീതിയിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ആവർത്തനചെലവ് ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 19/24.8.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിന് വൈദ്യുതി ചാർജ്ജ്, റിപ്പയറിംഗ് എന്നീ ഇനങ്ങളിൽ ഭീമമായ ആവർത്തനചെലവ് ചെയ്യുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

അമ്പലവട്ടം, കാഞ്ഞിരം നവോദയം, ഐക്യത്തിൽപടി, ആലച്ചികുണ്ട്, വെള്ളിനാംകുന്ന്, പാറമ്മേൽകോളനി എന്നീ ആറ് കുടിവെള്ള പദ്ധതികളുടെയും പരിപാലന ചുമതല ഉണഭോക്തൃസമിതികൾക്ക് കൈമാറുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 എ.ബി.സി പദ്ധതി വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പാലക്കാട് ജില്ലാ പഞ്ചായത്തും, ജില്ലയിലെ മറ്റു ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി യുടെ നടത്തിപ്പിനായി അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 100000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 799011400002200 STSB പാലക്കാട്) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 101/2024 എ.ബി.സി പദ്ധതി |
| അടങ്കൽ | 100000 രൂപ വികസംഫണ്ട് |
| ചെലവ് | 100000 രൂപ |
| ബിൽ നം.തീയതി | 10/16.11.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പാലക്കാട് ജില്ലാ പഞ്ചായത്തും, ജില്ലയിലെ മറ്റു ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന എ.ബി.സി പദ്ധതി യുടെ നടത്തിപ്പിനായി അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 100000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 799011400002200 STSB പാലക്കാട്) നൽകിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് തുക വകയിരുത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട് (നായ ഒന്നിന്, മൃഗസംരക്ഷണ വകുപ്പ് കണക്കാക്കിയ നിരക്ക് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിന്റെ പ്രതിഫലം ആകെ 1,500 രൂപ) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം 22/24-08-2024 ന ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 മാലിന്യ നിർമാർജ്ജനം- പ്രൊജക്ട് നിർവ്വഹണത്തിൽ വീഴ്ച

പ്രൊജക്ട് നമ്പർ- 194/24 മാലിന്യ നിർമാർജ്ജനം- എക്കോ ഗ്രീൻ കമ്പനിക്ക് തുക കൈമാറൽ

നിർവഹണം- സെക്രട്ടറി

അടങ്കൽ : രൂ.2 ലക്ഷം (ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ്- രൂ.2 ലക്ഷം

| ബിൽ നം | തീയതി | തുക |
|---|---|---|
| XVFC/2023-24/P/50 | 21.3.24 | 200000.00 |

ഈ പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന ന്യൂനതകൾ ഉണ്ടായിട്ടുണ്ട്.

1) സേവനദാതാവിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ക്വട്ടേഷൻ / ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടില്ല.

2)ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ക്വട്ടേഷനുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിരക്ക് | റിമാർക്ക്സ് |
|---|---|---|---|
| 1 | എക്കോഗ്രീൻ കേരള, കോട്ടക്കൽ | 7.00 | - |
| 2 | എ.എം.ഗ്രൂപ്പ്, കളമശ്ശേരി | 8.50 | ക്വട്ടേഷനിൽ തീയതി, ഒപ്പ് , സീൽ എന്നിവ രേഖപ്പെടുത്തിയിട്ടില്ല, സ്ഥാപനം ഉത്തരവ് നം HKM/A2/625/18 Dtd 19.2.22 പ്രകാരം പുറപ്പെടുവിച്ച ഹരിത സഹായ സ്ഥാപനങ്ങളുടെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 3 | ഗ്രീൻകെയർ, പെരുമ്പാവൂർ | 8.00 | -Do- |

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

3)എക്കോഗ്രീൻ കേരള, കോട്ടക്കൽ ന്റെ ഇൻവോയ്സ് / ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4)എക്കോഗ്രീൻ കേരള, കോട്ടക്കലിനു നൽകിയ അജൈവ മാലിന്യങ്ങൾ തൂക്കിയിട്ടുള്ളത് തവക്കൽ വെയ് ബ്രിഡ്ജ് കുളപ്പുള്ളി, സെമീന വെയ് ബ്രിഡ്ജ് കുളപ്പുള്ളി, ദിൽഷാദ് വെയ് ബ്രിഡ്ജ് നെല്ലായ എന്നീ സ്ഥാപനങ്ങളിലാണ്. വെയ് ബ്രിഡ്ജിൽ നിന്നും ലഭിച്ച ബില്ലിലെ തൂക്കത്തിനനുസരിച്ചാണ് ഗ്രാമ പഞ്ചായത്ത് തുക നൽകിയിരിക്കുന്നത്. അജൈവ മാലിന്യങ്ങൾ കയറ്റുന്നതിനു മുമ്പും, തൂക്കുന്ന വേളയിലും ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർ സന്നിഹിതരായി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

5)ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും എക്കോഗ്രീൻ കേരളയും തമ്മിൽ 28.2.23 ന ചമച്ച കരാറിലെ 13-ാം വ്യവസ്ഥ പ്രകാരമുള്ള മാലിന്യനീക്കം സംബന്ധിച്ച ജി പി എസ് ലോഗ് വിവരങ്ങളും, 15ാം വ്യവസ്ഥ പ്രകാരമുള്ള ഡിസ്പോസൽ സർട്ടിഫിക്കറ്റുകളും പരിശോധനക്ക് ഹാജരാക്കിയില്ല.

ഓഡിറ്റ് അന്വേഷണം നം. 10/22.8.24 ന മറുപടി ലഭ്യമാക്കിയിട്ടില്ല.
സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 2.20 പ്രകാരം സർക്കാർ ഉത്തരവ് (പി) നം.259/2010/I/LSGD Dtd 08.11.2010 പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ പ്രൊജക്റ്റ് നടപ്പാക്കിയത് ക്രമപ്രകാരമല്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

## 1-23 എസ്.എസ്.കെ വിഹിതം -ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിദ്യാലങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ- വിശദാംശങ്ങൾ ലഭ്യമാക്കണം

| ക്രമ നം. | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | ബിൽ നം. /തിയതി | തുക |
|---|---|---|---|---|
| 1 | 103/24"എസ്.എസ്. കെ ഗ്രാമ പഞ്ചായത്ത് വിഹിതം" | നാല് ലക്ഷം ( വികസന ഫണ്ട് -) | 06/12.10.23 | 400000 |
| ആകെ | | | | 400000 |

14-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 84/2022/ത.സ്വ.ഭ.വ തീയത 19.4.2022 ഖണ്ഡിക 8.6(3) ലെ നിർദ്ദേശാനുസരണം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്. കെ ഗ്രാമപഞ്ചായത്ത് വിഹിതം" പ്രൊജക്റ്റ് പ്രകാരം എസ്.എസ്.കെ യുടെ

അക്കൗണ്ടിലേക്ക് (IFSC Code: CNRB0000819 A/c No: 81910104302) 400000.00 രൂപ കൈമാറിയിട്ടുണ്ട്. സർക്കാർ ഉത്തരവ് 84/2022/ത.സ്വ.ഭ.വ തീയതി 19.4.2022 ഖണ്ഡിക 8.6(3&4) ലെ നിർദ്ദേശപ്രകാരം ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/24.8.24 ന് മറുപടി തൃപ്തികരമല്ല.

2023-24 വർഷത്തിൽ അനങ്ങനടി ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ മറ്റ് നിർമ്മാണ പ്രവർത്തികൾ എന്നിവയുടെ വിവരങ്ങളും, ലഭ്യമാക്കിയ ഐ.സി.ടി ഉപകരണങ്ങളുടെയും ,2023-24വർഷത്തിൽ അനങ്ങനടി ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / നിർമ്മാണ / പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ -വിദ്യാലയത്തിന്റെ പേര്, പ്രവർത്തി / ഇനം, ആകെ ചെലവ് തുക, ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണം, മറ്റ് വിവരങ്ങൾ എന്നിവ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

**1-24 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- പ്രൊജക്ട് നിർവ്വഹണം ക്രമപ്രകാരമല്ല**

പ്രൊജക്ട് നമ്പർ-47/24 "പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്"

അടങ്കൽ - രൂ.400000.00( വികസന ഫണ്ട് -എസ് സി പി)

ചെലവ് - രൂ.394460.00 ( ബിൽ നം 5/9.2.24)

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ഈ പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ന്യൂനതകൾ ഉണ്ടായിട്ടുണ്ട്.

1) സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയ്യതി 19.4.2022 14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 12.3. 6 പ്രകാരം അർഹരായവരിൽ നിന്നും മുൻഗണന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ അപേക്ഷകരെയും ഉൾപ്പെടുത്തി കരട് മുൻഗണന ലിസ്റ്റ് തയ്യാറാക്കുകയും, ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 26.8.23 തീയതിയിലെ ഭരണ സമിതി തീരുമാനം 1 പ്രകാരം അംഗീകരിച്ച പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്പ്ടോപ്പ് ഗുണഭോക്തൃ ലിസ്റ്റിൽ അപേക്ഷകരുടെ മാർക്ക്, വയസ്സ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയ്യതി 19.4.2022 14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 12.3. 14 പ്രകാരം അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂവെന്നും സമാന സ്വഭാവം ഉള്ള പ്രോജക്ട് തുടർ വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിന് വേണ്ട ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്ത ലിസ്റ്റിൽ നിന്ന് മുൻഗണനാക്രമത്തിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 12.3.13 ഖണ്ഡികയിലെ വ്യവസ്ഥകൾ പാലിച്ച് എടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 15.11.23 തീയതിയിലെ ഭരണ സമിതി തീരുമാനം 1 പ്രകാരം അംഗീകരിച്ച 2022-23 വർഷത്തെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ഗുണഭോക്തൃലിസ്റ്റിൽ 49 പേരെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 2022-23 വർഷം അഞ്ച് വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്പ്ടോപ്പ് നൽകിയിട്ടുള്ളത്.2022-23 വർഷത്തിലെ അവശേഷിക്കുന്ന 44 അർഹരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്താതെ 2023-24 വർഷം പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയാണ് ലാപ്പ്ടോപ്പ് വിതരണം നടത്തിയിട്ടുള്ളത്

3)26.8.23 തീയതിയിലെ ഭരണ സമിതി തീരുമാനം 1 പ്രകാരം അംഗീകരിച്ച 2023-24 വർഷത്തെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ഗുണഭോക്തൃലിസ്റ്റിൽ 50 പേർ ഉൾപ്പെട്ടിരുന്നു. ടി ലിസ്റ്റിലെ മുൻഗണനാ ക്രമ നമ്പർ 3,17,32,6,23,24,7,22, 13, 16,17 എന്നിവയിലെ വിദ്യാർത്ഥികളായ 11 പേർക്കാണ്

ലാപ്പ്ടോപ്പ് വിതരണം നടത്തിയിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിലെ അർഹരായവർക്ക് മുൻഗണനാ ക്രമത്തിൽ വിതരണം നടത്തുന്നതിനു പകരം മുൻഗണനാക്രമം പാലിക്കാതെയാണ് പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്.

4)സബ്സിഡി മാർഗ്ഗ രേഖ -സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 7. 2.7 , സർക്കുലർ നം ഡിഎ1/120/2023-തസ്വഭവ തീ. 17-03-2023 എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ താഴെ പറയുന്ന വിദ്യാർത്ഥികൾ പാലിക്കുന്നില്ല.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് & വിലാസം | കോഴ്സ് & സ്ഥാപനം |
|---|---|---|
| 1 | Aiswarya K, Karaparambil House, Panamanna | **Kerala Government Certificate Examinations – (KGCE) - Civil Engineering & Technological Training Centre, Ottapalam** |
| 2 | Nikhil C P, Chavalakkattupadi, North Panamanna, | **Kerala Government Certificate Examinations – (KGCE) - Refrigeration And Airconditioning & TechWin Institute Of Technology, Kulappully** |

അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരമില്ലാത്ത കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചത് ക്രമപരകാരമല്ല.

5) 18.12.23ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം തീരുമാനം 1(2) പ്രകാരം 2023-24 വർഷത്തെ ഗുണഭോക്തൃലിസ്റ്റ് ക്രമനമ്പർ 32 -ാം പേരുകാരിയായ ഷിബിമോൾ, ഓലഞ്ചേരി, ചേറമ്പറ്റക്കാവ് പി.ഓ.എന്ന വിദ്യാർത്ഥിനിക്ക് ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം മറികടന്ന് ലാപ്പ്ടോപ്പ് നൽകുന്നതിന് തീരുമാനിച്ച്, ഭരണസമിതി അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടില്ല. മുൻഗണനാക്രമം മറികടന്ന് ലാപ്പ്ടോപ്പ് നൽകിയത് പദ്ധതി-സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായാണ്.

6) 2023-24 വർഷം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ പ്രൊജക്റ്റിനുവേണ്ടി സ്വീകരിച്ച അപേക്ഷ ഫോമുകൾ, അപേക്ഷകർക്ക് ലഭിച്ച മാർക്ക് എന്നിവ പരിശോധനക്ക് ഹാജരാരാക്കിയില്ല.

ഓഡിറ്റ് അന്വേഷണം നം.5/21.8.24 ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയ്യതി 19.4.2022 14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 12.3 ലെ വ്യവസ്ഥകൾ പാലിക്കുമെന്നും, അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരമില്ലാത്ത കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചതിന് വികേന്ദ്രീകൃത സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് സ.ഉ. (കൈ) 84/2022/ത.സ്വ.ഭ.വ, തീയ്യതി 19.4.2022 14-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ ഖണ്ഡിക 12.3 ലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതും, തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

**1-25 ഞങ്ങളും കൃഷിയിലേക്ക് -ഹൈബ്രിഡ് പച്ചക്കറി തൈവിത്ത് വിതരണം**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 79/24 ഞങ്ങളും കൃഷിയിലേക്ക് -ഹൈബ്രിഡ് പച്ചക്കറി തൈവിത്ത് |

| | |
|---|---|
| | വിതരണം |
| അടങ്കൽ,ചെലവ് | അടങ്കൽ- 24600 വികസനഫണ്ട് ജനറൽ<br>ചെലവ് - 24600 വികസനഫണ്ട് ജനറൽ |
| ബിൽ നം./സാംക്ഷൻ ഓർഡർ | 248/8.2.24 |

മേൽ പ്രോജക്ടിലൂടെ VFPCK ആലത്തൂരിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരം ഹൈബ്രിഡ് വിത്തുകൾ ഇറക്കി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

| ഇൻവോയിസ് | ഇനം | അളവ് | നിരക്ക് | ആകെ വില |
|---|---|---|---|---|
| SPP23-24/S1415 /17.11.2023 | പാവൽ (മായ) | 1 കിലോ | ₹14400/കിലോ | 14400 |
| | കുമ്പള (മാഹി1) | 1.5കിലോ | ₹6800/കിലോ | 10200 |
| | ആകെ വില | | | 24600 |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മാർക്കറ്റ് വിലയിൽ നിന്ന് വളരെ ഉയർന്ന നിരക്കിലാണ് VFPCK ആലത്തൂരിൽ നിന്നും വിത്തുകൾ ഇറക്കി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുള്ളത്. VFPCK യുടെ വെബ് സൈറ്റിൽ തന്നെ പാവൽ-പ്രീതി വിത്തിന്റെ വില രേഖപ്പെടുത്തിയിട്ടുള്ളത് കിലോഗ്രാമിന് ₹2000 (23.8.24 ഓഡിറ്റ് തിയതിയിലെ വില) എന്നാണ്. പ്രസ്തുത വിത്ത് കിലോഗ്രാമിന് 14400 രൂപ എന്ന ഉയർന്ന നിരക്കിലാണ് പ്രോജക്ടിലൂടെ വാങ്ങിയിട്ടുള്ളത്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി,ധനസഹായം,അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ (സ.ഉ കൈ115/2022 തസ്വഭവ തി.28.05.2022) ഖണ്ഡിക 6.1.4 പ്രകാരം പച്ചക്കറി തൈകൾ, വിത്തുകൾ എന്നിവ, കൃഷിവകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരളസംസ്ഥാന വിത്ത് വിതരണ അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതാണ് എന്നാണ് പരാമർശിച്ചിട്ടുള്ളത്. ഉയർന്ന നിരക്കിൽ VFPCK ആലത്തൂരിൽ നിന്നും വിത്തുകൾ ഇറക്കുന്നതിന് മുമ്പ് അംഗീകാരമുള്ള /മേൽ പരാമർശിച്ച മറ്റ് ഏജൻസികളിൽ നിന്ന് വിത്ത് വിതരണത്തിനുള്ള വിലനിലവാരം ലഭ്യമാക്കി പരിശോധിച്ചിട്ടുമില്ല.വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/24.8.24) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

അംഗീകാരമുള്ള ഏജൻസികളിൽ നിന്ന് വിലനിലവാരം പരിശോധിച്ച് വിത്ത് വാങ്ങി വിതരണം നടത്തേണ്ടതാണ്.

### 1-26 JLG സംരഭങ്ങൾക്ക് പച്ചക്കറി തൈ, വിത്ത് വിതരണം പ്രോജക്ട്-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം. | 59/24 JLG സംരഭങ്ങൾക്ക് പച്ചക്കറി തൈ, വിത്ത് വിതരണം |
| അടങ്കൽ,ചെലവ് | അടങ്കൽ- 147350 വികസനഫണ്ട് ജനറൽ<br>ചെലവ് - 135000 വികസനഫണ്ട് ജനറൽ |

| | |
|---|---|
| ബിൽ നം./ സാംക്ഷൻ ഓർഡർ | 405/25.3.24 |

മേൽ പ്രോജക്ടിലൂടെ VFPCK ആലത്തൂരിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരം തൈകൾ, ഹൈബ്രിഡ് വിത്തുകൾ എന്നിവ ഇറക്കിയിട്ടുണ്ട്.

| ഇൻവോയിസ് | ഇനം | എണ്ണം | നിരക്ക് | ആകെ വില |
|---|---|---|---|---|
| PKD2324/S1470 /13.2.2024 | തക്കാളി തൈ | 10000 | 2.5 | 25000 |
| | പച്ചമുളക് തൈ | 10000 | 2.5 | 25000 |
| | വഴുതന തൈ | 10000 | 2.5 | 25000 |
| | ആകെ വില | | | 75000 |

| ഇൻവോയിസ് | ഇനം | അളവ് | നിരക്ക് | ആകെ വില |
|---|---|---|---|---|
| PKD2324/S1469 /13.2.2024 | പാവൽ (പ്രീതി) | 2.2 കിലോ | ₹14318.18 /കിലോ | 31500 |
| | വെണ്ട(റാണി) | 2.2 കിലോ | ₹5500 /കിലോ | 12100 |
| | മത്തൻ (മഹി നം.1) | 2.2 കിലോ | ₹6400 /കിലോ | 14080 |
| | വള്ളിപയർ (കേതകി) | 2.2 കിലോ | ₹1054.55/കിലോ | 2320 |
| | ആകെ വില | | | 60000 |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മാർക്കറ്റ് വിലയിൽ നിന്ന് വളരെ ഉയർന്ന നിരക്കിലാണ് VFPCK ആലത്തൂരിൽ നിന്നും വിത്തുകൾ ഇറക്കി JLG ഗ്രൂപ്പുകൾക്ക് നൽകിയിട്ടുള്ളത്. VFPCK യുടെ തന്നെ വെബ് സൈറ്റിൽ പാവൽ- പ്രീതി വിത്തിന്റെ വില രേഖപ്പെടുത്തിയിട്ടുള്ളത് കിലോഗ്രാമിന് ₹2000 (23.8.24 ഓഡിറ്റ് തിയതിയിലെ വില) എന്നാണ്. പ്രസ്തുത വിത്ത് കിലോഗ്രാമിന് 14318.18 രൂപ എന്ന ഉയർന്ന നിരക്കിലാണ് പ്രോജക്ടിലൂടെ വാങ്ങിയിട്ടുള്ളത്. വെബ് സൈറ്റിലെ വിവരങ്ങൾ പ്രകാരം (23.8.24 ഓഡിറ്റ് തിയതിയിലെ) വെണ്ട,മത്തൻ എന്നിവയുടെ വിത്ത് വില യഥാക്രമം ₹1000, ₹1700 എന്നിങ്ങനെയുമാണ്(വാങ്ങിയത് ₹5500, ₹6400 എന്നിങ്ങനെ).

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി,ധനസഹായം,അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ (സ.ഉ കൈ115/2022 തസ്വഭവ തി.28.05.2022) ഖണ്ഡിക 6.1.4 പ്രകാരം പച്ചക്കറി തൈകൾ, വിത്തുകൾ എന്നിവ, കൃഷിവകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരളസംസ്ഥാന വിത്ത് വിതരണ അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി വാങ്ങാവുന്നതാണ് എന്നാണ് പരാമർശിച്ചിട്ടുള്ളത്. ഉയർന്ന നിരക്കിൽ VFPCK ആലത്തൂരിൽ നിന്നും വിത്തുകൾ ഇറക്കുന്നതിന് മുമ്പ് അംഗീകാരമുള്ള/മേൽ പരാമർശിച്ച മറ്റ് ഏജൻസികളിൽ നിന്ന് വിത്ത് വിതരണത്തിനുള്ള വിലനിലവാരം ലഭ്യമാക്കി പരിശോധിച്ചിട്ടുമില്ല. വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.20/24.8.24) നിർവഹണ

ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുമില്ല. ഉയർന്ന നിരക്കിൽ വിലനൽകി വിത്ത് വാങ്ങി നടപ്പാക്കിയ മേൽപദ്ധതി വിഭാവനം ചെയ്ത രീതിയിൽ വിജയകരമായി നടപ്പാക്കിയിട്ടുണ്ടോ, JLG ഗ്രൂപ്പുകൾക്ക് ഇറക്കിയ ഹൈബ്രിഡ് വിത്തുകൾ ഉപയോഗിച്ച് പച്ചക്കറി ഉത്പാദനം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിന് നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

പൊതുപണം ഫലപ്രദമായി വിനിയോഗിക്കുന്ന തരത്തിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-27 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തികരിച്ചില്ല

വീട് വാസയോഗ്യമാക്കൽ യൂണിറ്റ്കോസ്റ്റ്-30000 രൂപ

| | | |
|---|---|---|
| പ്രോജക്ട് | 104/24<br>വീട് വാസയോഗ്യമാക്കൽ പട്ടികജാതി | 94/24<br>വീട് വാസയോഗ്യമാക്കൽ ജനറൽ |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 900000<br>വികസനഫണ്ട് എസ് സി പി | 1350000<br>വികസനഫണ്ട് ജനറൽ |
| ചെലവ് | 600000വികസനഫണ്ട് എസ് സി പി | 1050000<br>കസനഫണ്ട് ജനറൽ |

സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ വീട് വാസയോഗ്യമാക്കലിനുള്ള മേൽ രണ്ട് പ്രോജക്ടിലൂടെ 25 പട്ടികജാതി ഗുണഭോക്താക്കൾക്കും 41 ജനറൽ ഗുണഭോക്താക്കൾക്കും വിവിധ ഗഡുക്കൾ(ഒന്നാം ഗഡു 15000,രണ്ടാം ഗഡു 15000) ധനസഹായമായി നൽകിയിട്ടുണ്ട്.എന്നാൽ ഒന്നാം ഗഡു ധനസഹായം (അഡ്വാൻസ് തുക) കൈപറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിത് വരെയും വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾ പൂർത്തിയാക്കിട്ടില്ല എന്ന് കണ്ടെത്തി. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ഒന്നാം ഗഡു നൽകിയ തുക /തിയതി |
|---|---|---|
| 1 | ചാമി<br>വാർഡ്4 | 6.11.2023 - 15000 |
| 2 | മുഹമ്മദ് കുട്ടി<br>വാർഡ് 12 | 26.10.2023 - 15000 |
| 3 | ബുഷറ<br>വാർഡ് 6 | 26.10.2023 - 15000 |
| 4 | അഫ്സത്ത്<br>വാർഡ് 10 | 26.10.2023 – 15000 |

| | | |
|---|---|---|
| 5 | സുലൈഖ<br>വാർഡ് 12 | 5.1.2024 – 15000 |
| 6 | മമ്മൂട്ടി<br>വാർഡ് 11 | 5.1.2024 – 15000 |

ഒന്നാം ഗഡു ധനസഹായം കൈപ്പറ്റിയ മേൽ ഗുണഭോക്താക്കൾ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യം സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.8.2024) ക്രമ നമ്പർ 1, 2 ഗുണഭോക്താക്കൾ തങ്ങളുടെ വീട് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളവരാണെന്നും എൽ എസ് ജി ഡി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും അവർക്ക് രണ്ടാം ഗഡു ഉടൻ അനുവദിക്കുമെന്നും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.ക്രമ നം. 3 മുതൽ 6 വരെയുള്ള ഗുണഭോക്താക്കളോട് എത്രയും പെട്ടെന്ന് വീട് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വീട് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി മോണിട്ടറിംഗ് റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-28 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന വിവിധ വർഷങ്ങളിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ഭവനനിർമ്മാണം ആരംഭിച്ചതാണെങ്കിലും നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് ഭവനനിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവനനിർമ്മാണം യൂണിറ്റ്കോസ്റ്റ്- 4 ലക്ഷം രൂപ

| ക്രമ നം. | ഗുണഭോക്താവ് | ആകെ നൽകിയ തുക | അവസാന ഗഡു/തിയതി |
|---|---|---|---|
| 1 | പ്രീത, വലിയവീട്ടിൽ | 360000 | 2.11.2019 – 60000 |
| 2 | ശാന്ത, കാളിയാട്ട്പറമ്പിൽ | 375000 | 10.3.2020 - 75000 |
| 3 | മുരുകൻ, കോമത്തൊടി – (എസ് സി) | 40000 | 10.8.2018 - 40000 |
| 4 | സുഭാഷ് ബശാന്തൻ<br>വാർഡ് – 4 | 40000 | 24.3.2022 - 40000 |

ഭവന നിർമാണത്തിനായി പണം കൈപറ്റിയ ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/22.8.2024) ക്രമ നമ്പർ 1, 2 ഗുണഭോക്താക്കൾ തങ്ങളുടെ വീട് പണി ഭൗതികമായി പൂർത്തീകരിച്ചിട്ടുള്ളവരാണെന്നും എന്നാൽ 12 വർഷത്തേക്ക് നിർമ്മിച്ച വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ല എന്ന കരാർ രജിസ്റ്റർ ചെയ്യേണ്ടതുണ്ട് എന്നും ആയത് ചെയ്തു തരുന്ന മുറക്ക് ഗുണഭോക്താക്കൾക്ക് ബാക്കിയുള്ള ധനസഹായം അനുവദിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

ക്രമനമ്പർ 4 ഗുണഭോക്താവ് ആദ്യ ഗഡു 40000 രൂപ കൈപ്പറ്റിയിട്ടും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഭവന നിർമ്മാണം/ പണികൾ ആരംഭിച്ചിട്ടില്ല എന്നും ഗുണഭോക്താവിനെ നേരിൽ കണ്ട് നിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ വീട് പണി ചെയ്യുന്നതിനായി കരാറുകാരനെ ഏർപ്പാടാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ ക്രമനമ്പർ 3 ഗുണഭോക്താവിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും വീട് പണി ആരംഭിക്കുന്നതിന് യാതൊരു നടപടികളും ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നും ആയതുകൊണ്ട് പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്ത് ടിയാന്റെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിന് യോഗം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.ഇനിയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളിൽ നിന്നും റവന്യൂറിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കേണ്ടതാണ്.

**1-29 മരാമത്ത് പ്രവൃത്തികൾ- പൊതു അപാകതകൾ**

2023-24 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 128പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ നടപ്പിലാക്കിയത് 46എണ്ണമാണ്. 48962417 രൂപ ആകെ ഫണ്ട് വകയിരുത്തിയതിൽ 7930180 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ചെലവ് 16.19 ശതമാനം മാത്രമാണ്.

വിവിധ ഫണ്ടുകൾ ഉപയോഗിച്ച് വകയിരുത്തിയ തുകകളും, ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ഫണ്ട് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട്GEN | 759771 | 337609 | 44.43 |
| 2 | വികസനഫണ്ട് SCP | 2902919 | 285434 | 9.83 |
| 3 | CFC ഗ്രാന്റ് | 10169122 | 4528551 | 44.53 |
| 4 | തനതുഫണ്ട് | 3407938 | 2211666 | 64.89 |
| 5 | ജില്ലാ പഞ്ചായത്ത് | 500000 | 0 | 0 |
| 6 | MG റോഡ് | 27129000 | 566920 | 2.08 |
| 7 | MG നോൺ റോഡ് | 1318667 | 0 | 0 |
| | ആകെ | 48962417 | 7930180 | 16.19 |

**സ്പിൽ ഓവർ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ ആരംഭിച്ചതും, 2023-24 ൽ സ്പിൽ ഓവർ ആക്കിയ താഴെ പറയുന്ന പദ്ധതികൾ തൻവർഷം നടപ്പിലായതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തി | ഫണ്ട് | അടങ്കൽ |
|---|---|---|---|
| 1 | 255/24- കാഞ്ഞിരംകോളനി റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 200000 |
| 2 | 214/24- അനങ്ങനടി മനിച്ചിത്തൊടി റോഡ് അനങ്ങനടി ബൈപാസ് നവീകരണ പ്രവർത്തികൾ | വികസന ഫണ്ട്- ജനറൽ- 17585<br>തനത്- 32415<br>മെയിന്റനൻസ് ഗ്രാന്റ്-റോഡ്- 150000 | 200000 |
| 3 | 243/24- പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണ പ്രവർത്തികൾ | തനത് ഫണ്ട് | 495000 |

| | | | |
|---|---|---|---|
| 4 | 231/24- പുതിയ ബോർവെല്ലുകളുടെ നിർമ്മാണം | CFC | 250000 |
| 5 | 236/24- പൊതു കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ | CFC | 200000 |
| 6 | 247/24- ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസ് | CFC | 499533 |
| 7 | 254/24- പുളിയക്കോട് കോളനി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | മെയിന്റനൻസ് ഗ്രാന്റ് – റോഡ് - 150000 | 150000 |
| 8 | 240/24- വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് | തനത്- 12000<br>മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ്- 70000 | 712000 |
| 9 | 222/24- വെള്ളിനാംകുന്ന് കോളനി സമഗ്ര വികസനം | തനത് ഫണ്ട് | 200000 |
| 10 | 230/24- പുതിയ തുറന്ന കിണർ നിർമ്മാണം | CFC | 650000 |
| 11 | 250/24- കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം | CFC | 500000 |
| 12 | 227/24- പുളിയക്കോട് കോളനി സംരക്ഷണ പദ്ധതി | SCP-200000<br>തനത്- 100000 | 300000 |
| 13 | 215/24- കളംചാള കുടിവെള്ള പദ്ധതി പൂർത്തീകരണം | എസ്.സി.പി | 102919 |
| 14 | 246/24- കോന്ത്രക്കുണ്ട് കുടിവെള്ള പദ്ധതി പൂർത്തീകരണം | CFC | 108846 |
| 15 | 251/24- പുതുവായിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | CFC | 125000 |

പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനുള്ള സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.17/23.8.24)താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 2, 6,8,9, 12, 13, 14 എന്നിവ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബിൽ സമർപ്പിച്ചിട്ടുണ്ട്. ക്രമ നം.1,3, 5,11 എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.ക്രമ നം.4, 10 എന്നീ പ്രോജക്ടുകൾ ഉപേക്ഷിച്ചതിന് കാരണം അറിയിക്കേണ്ടതാണ്. ക്രമ നം.7 ൽ ലാൻഡ് ഇഷ്യൂ ഉള്ളതിനാൽ റീസർവ്വേ നടപടികൾക്ക് ശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കൂ എന്നും അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു മുമ്പ് തടസ്സമില്ലാത്ത ഭൂമി ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**1-30 മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം**

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.അതായത് ഭരണസമിതി തീരുമാനം മുതൽ പരമാവധി 21 ദിവസത്തിനകം കരാർ വച്ചിരിക്കണം എന്ന് വ്യക്തമാണ്.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ 2023-24വർഷത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികൾക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ നോട്ടീസ് തിയതി മുതൽ 14 പ്രവൃത്തി ദിവസങ്ങൾക്കകം കരാർ വെയ്ക്കണം എന്നാണ്. താഴെ പറയുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത സമയത്തിനകം സെലക്ഷൻ നോട്ടീസ് നൽകിയിട്ടുമില്ല. 21 ദിവസത്തിനകം കരാർ വെക്കേണ്ടതും അല്ലാത്തപക്ഷം ഫൈൻ ഈടാക്കേണ്ടതുമാണ്.

(1)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 213/24- പുനത്തിക്കുണ്ട് റോഡ് കോൺക്രീറ്റിംഗ് (സ്പിൽ ഓവർ)- |
|---|---|---|
| 1 | അടങ്കൽ - | 200000/-തനത് ഫണ്ട് |
| 2 | APAC- | 128458/- |
| 3 | കരാറുകാരൻ | അബ്ദുൾ റസാഖ്.എ. |
| 4 | എഗ്രിമെന്റ് നം. | 18/AE/LSGD/5.1.23 |
| 5 | ബിൽ നം./തുക | ചെക്ക് നം.066713/8.11.23 |
| 6 | ടെണ്ടർ അംഗീകരിച്ച തിയതി | 15.11.22 |
| 7 | സെലക്ഷൻ നോട്ടീസ് നൽകിയത് | 26.12.22 |
| 8 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 29.11.22 |
| 9 | എഗ്രിമെന്റ് വെച്ച തിയതി | 5.1.2023 |

(2)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 245/24- ചോഴിപ്പടി ബാക്കി ഭാഗം കോൺക്രീറ്റിംഗ് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 155000/- CFC |
| 2 | APAC- | 102760/- |
| 3 | കരാറുകാരൻ | ശ്രീ.സുകേഷ്.സി.യു. |
| 4 | എഗ്രിമെന്റ് നം.: | 10/AE/LSGD/5.1.23 |

| | | |
|---|---|---|
| 5 | ബിൽ നം./തുക | XVFC/23-24 /P/42/15.2.24 |
| 6 | ടെണ്ടർ അംഗീകരിച്ച തിയതി | 15.11.22 |
| 7 | സെലക്ഷൻ നോട്ടീസ് നൽകിയത് | 26.12.22 |
| 8 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 29.11.22 |
| 9 | എഗ്രിമെന്റ് വെച്ച തിയതി | 15.1.2023 |

(3)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 256/24-പത്തംകുളം കുന്നത്ത് പടി മുതൽ കൊടക്കാട്ടുകണ്ണയിൽ പ്രദേശം വരം റോഡ് കൺക്രീറ്റിംഗ് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 155000/- CFC |
| 2 | APAC- | 106283/- |
| 3 | കരാറുകാരൻ | അബ്ദുൾ റസാഖ്.എ. |
| 4 | എഗ്രിമെന്റ് നം.: | 12/AE/LSGD/5.1.23 |
| 5 | ബിൽ നം./തുക | XVFC/23-24/P/41/15.2.24 |
| 6 | എം.ബുക്ക് നം. | 13402/2022/511 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 15.11.22 |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 26.12.22 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 29.11.22 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 5.1.23 |

(4)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 238/24-എം.സി.എഫ്. കെട്ടിട നിർമ്മാണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ - | 1616433/- CFC |
| 2 | APAC- | 1367484/- |
| 3 | കരാറുകാരൻ | ഷെറീഫ്.സി. |
| 4 | എഗ്രിമെന്റ് നം.: | 7/AE/LSGD/17.12.22 |
| 5 | ബിൽ നം./തുക | XVFC/23-24 /P/31/28.3.23-643683/-<br>XVFC/23-24/P/35/10.1.24-935876/- |
| 6 | എം.ബുക്ക് നം. | 13905/2022/ 511 |
| 7 | ടെണ്ടർ അംഗീകരിച്ച | 15.11.22 |

| | | |
|---|---|---|
| | തിയതി | |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 14.12.22 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 29.11.22 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 17.12.22 |

(5)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | 248/24- കന്നിക്കാട് അങ്കണവാടി റോഡ് നീകരണ പ്രവർത്തികൾ |
|---|---|---|
| 1 | അടങ്കൽ - | 170000/- |
| 2 | APAC- | 109171/- |
| 3 | കരാറുകാരൻ | അബ്ദുൾ റസാഖ്.എ. |
| 4 | എഗ്രിമെന്റ് നം.: | 11/AE/LSGD/5.1.23 |
| 5 | ബിൽ നം./തുക | XVFC/23-24/P/40/15.2.24 |
| 6 | എം.ബുക്ക് നം. | 13358/2022/ |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | 15.11.22 |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 26.12.22 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 29.11.22 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 5.1.23 |

യഥാസമയം കരാർ ചമക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.16/23.8.24) PRICE സോഫ്റ്റ്‌വെയറിൽ ഓട്ടോജനറേറ്റഡ് ആയി വരുന്ന സെലക്ഷൻ നോട്ടീസ് പ്രകാരം 14പ്രവൃത്തി ദിവസത്തിനകം കരാർ വയ്ക്കണം എന്നാണ് എന്നും കരാറുകാർ അവസാനദിവസം കരാർ വച്ചിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്.

PWD മാനുവൽ പ്രകാരം അനുവദനീയമായ സമയപരിധിക്കകം കരാർ വച്ച് പ്രവൃത്തി ആരംഭിക്കുവാനും അല്ലാത്ത പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ-പ്രവർത്തനാവലോകനം

അനങ്ങനടി ഗ്രാമപഞ്ചായത്തിലെ ജൈവ, അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് 'ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ' എന്ന വിഷയം സംബന്ധിച്ച് ഹരിതകർമ്മസേനാംഗങ്ങൾ, ചാർജ് ഓഫീസറായ വി ഇ ഒ എന്നിവരിൽ നിന്നും ഹാജരാക്കിയ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

അനങ്ങനടി ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലുമായി ഏകദേശം 22078 ജനങ്ങൾ താമസിച്ചുവരുന്നു. ഹരിതമിത്രം ആപ്ലിക്കേഷൻ പ്രകാരം 5724 ആൾതാമസമുള്ള വീടുകളും 283 കച്ചവടസ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. ഓരോ വാർഡിലും 2പേർ വീതം 15 വാർഡുകളിലുമായി 30 ഹരിതകർമ്മസേന അംഗങ്ങൾ ജോലി ചെയ്തുവരുന്നു. ഓരോ മാസവും ഹരിതകർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്നുണ്ടെങ്കിലും എല്ലാവരും എല്ലാ മാസവും യൂസർഫീസ് നൽകുന്നില്ല.

2) മാലിന്യ ശേഖരണ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്ലീൻകേരള കമ്പനിയുടെ കലണ്ടർ പ്രകാരമാണ് മാലിന്യ ശേഖരണം നടത്തുന്നത്. അജൈവ മാലിന്യങ്ങൾ മാത്രമാണ് ശേഖരിക്കുന്നത്. എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ക്യൂ ആർ കോഡ് പതിക്കുകയും മാസത്തിൽ ഒരു തവണ മാലിന്യം ശേഖരിക്കുകയും ചെയ്തു വരുന്നുണ്ട്. പഞ്ചായത്തിലെ ആൾതാമസമുള്ള എല്ലാ വീടുകളും തുറന്ന് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഹരിതമിത്രം ആപ്ലിക്കേഷനിൽ ഉൾപ്പെടുകയും അതുവഴി ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

എല്ലാ വാർഡുകളിലെയും വീട്, കച്ചവട സ്ഥാപനങ്ങളിൽ നിന്നും മിനി എംസിഎഫുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുകയും എം സി എഫിലെത്തിച്ച് മാലിന്യം തരംതിരിക്കാതെ തന്നെ മാലിന്യം കൊണ്ടുപോകുന്ന എക്കോഗ്രീൻ എന്ന കമ്പനിക്ക് നൽകുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.

4) റീസൈക്ളിംങ്ങ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

നോട്ടീസ് അടിച്ച് വിതരണം ചെയ്യുകയും ഗ്രാമസഭ വഴിയും അതത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലും പൊതുജനങ്ങൾക്ക് ബോധവത്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. മാലിന്യസംസ്കരണം സംബന്ധിച്ചും ഹരിതകർമ്മസേനയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമായി ഹരിതസഭകൾ നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കുട്ടികളുടെ ഹരിതസഭകൾ നടത്തിയിട്ടുണ്ട്.

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്ക് നിലവിൽ പ്രതിമാസം 20-23 തൊഴിൽ ദിനങ്ങൾ കിട്ടുന്നുണ്ട്. പ്രതിമാസം അതത് വാർഡിൽ കളക്ട് ചെയ്യുന്ന യൂസർഫീസിന്റെ 10 ശതമാനം നില നിർത്തി ബാക്കി തുകയാണ് വരുമാനമായി ലഭിക്കുന്നത്.ഹരിത കർമ്മസേനാംഗത്തിന് ഒരു മാസം ശരാശരി 7000-8000 രൂപയാണ് ഇപ്രകാരം ലഭിക്കുന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ട് നിലവിൽ അനുവദിക്കുന്നില്ല. സേനാംഗങ്ങൾക്ക് വരുമാനവർദ്ധനവിനായി മറ്റു മാർഗ്ഗങ്ങൾ ഒന്നും സ്വീകരിച്ചിട്ടില്ല.

7) അടിസ്ഥാന സൌകര്യ വികസനം

ഗ്രാമപഞ്ചായത്തിൽ നിലവിലെ എംസിഎഫ് സംവിധാനത്തിന് 1000 സ്ക്വയർഫീറ്റ് ഓളം വിസ്തൃതി ഉണ്ട്. നിലവിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നില്ല. അജൈവ മാലിന്യങ്ങൾ മാത്രമാണ് ശേഖരിക്കുന്നത്. കൂടുതൽ സൗകര്യങ്ങളോട് കൂടിയ പുതിയ എം സി എഫ് സംവിധാനം 8 ാം വാർഡിൽ പണി പൂർത്തിയായി വരുന്നുണ്ട്.

നിലവിൽ 12 മിനി എം സി എഫുകളാണ് ഉള്ളത്. മാലിന്യം കളക്ട് ചെയ്യുന്നതിന് ഹരിതകർമ്മസേനക്ക് വാടകവാഹനം ലഭ്യമാക്കി പ്രോജക്റ്റിലൂടെ തുക അനുവദിക്കുന്നുണ്ട്.

8) പാരിസ്ഥിതിക ആഘാതം

മാലിന്യം പൊതുസ്ഥലത്ത് വലിച്ചെറിഞ്ഞതിന് കുറ്റക്കാരിൽ നിന്നും പിഴ 6500 രൂപ ഈടാക്കിയിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധന നടത്തുകയും തെളിവ് സഹിതം വിവരം നൽകുന്നവർക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്തുവരുന്നു.

9) പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പാഴ്‌വസ്തു സെഗ്രിഗേഷൻ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ടെങ്കിലും എം സി എഫിലെത്തിച്ച് മാലിന്യം തരംതിരിക്കാതെ തന്നെ മാലിന്യം കൊണ്ടുപോകുന്ന എക്കോഗ്രീൻ എന്ന കമ്പനിക്ക് നൽകുന്ന രീതിയാണ് നിലവിൽ സ്വീകരിച്ച് വരുന്നത്.

10) നിയമങ്ങൾ പാലിക്കൽ

നിലവിലെ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്.ഹരിതകർമസേന കൺസോർഷ്യം അവലോകനയോഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

11) ഹരിതകർമ്മസേന അംഗങ്ങളുടെ പ്രവർത്തനം

പഞ്ചായത്തും ഹരിതകർമസേനാംഗങ്ങളുടെ മീറ്റിംഗ് നടത്തുകയും പ്രവർത്തനം മോണിറ്ററിംഗ് നടത്തുകയും ചെയ്തുവരുന്നു.മാലിന്യ ശേഖരണത്തിന് അംഗങ്ങളുടെ എണ്ണം പര്യാപ്തമാണ്. എന്നാൽ സ്വന്തമായി വാഹനസൗകര്യം ലഭ്യമല്ല.

**എം സി എഫ് അടിസ്ഥാന വിവരങ്ങൾ**

1)അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 8 ാം വാർഡിലെ നിലവിലെ എംസിഎഫ് സംവിധാനത്തിന് 1000 സ്ക്വയർഫീറ്റ് ഓളം വിസ്തൃതി ഉണ്ട്. നിലവിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നില്ല. അജൈവ മാലിന്യങ്ങൾ മാത്രമാണ് ശേഖരിക്കുന്നത്. കൂടുതൽ സൗകര്യങ്ങളോട് കൂടിയ പുതിയ എം സി എഫ് സംവിധാനം പണി പൂർത്തിയായി വരുന്നുണ്ട്.

നിലവിൽ 12 മിനി എം സി എഫുകളാണ് ഉള്ളത്. മാലിന്യം കളക്ട് ചെയ്യുന്നതിന് ഹരിതകർമ്മസേനക്ക് വാടകവാഹനം ലഭ്യമാക്കി പ്രോജക്ടിലൂടെ തുക അനുവദിക്കുന്നുണ്ട്.

2)മാലിന്യ കൈമാറ്റ കാര്യക്ഷമത

വാർഡുകളിൽനിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിൽ എത്തിക്കുന്നു. ഇവ വേർതിക്കാതെ തന്നെ എക്കോഗ്രീൻ എന്ന കമ്പനിക്ക് കൈമാറുകയാണ് ചെയ്തുവരുന്നത്. ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് യൂസർഫീസ് കളക്ഷൻ പുരോഗമിച്ച് വരുന്നു.എന്നാൽ മുഴുവൻ വീട് - സ്ഥാപനങ്ങളിൽ നിന്നും എല്ലാമാസവും യൂസർഫീസ് കൃത്യമായി ലഭിക്കുന്നില്ല.

3)മാലിന്യ സംഭരണ ശേഷി

ഗ്രാമപഞ്ചായത്തിൽ 8 ാം വാർഡിലെ നിലവിലെ എംസിഎഫ് സംവിധാനത്തിന് 1000 സ്ക്വയർഫീറ്റ് ഓളം വിസ്തൃതി ഉണ്ട്. നിലവിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നില്ല. അജൈവ മാലിന്യങ്ങൾ മാത്രമാണ് ശേഖരിക്കുന്നത്. കൂടുതൽ സൗകര്യങ്ങളോട് കൂടിയ പുതിയ എം സി എഫ് സംവിധാനം പണി പൂർത്തിയായി വരുന്നുണ്ട്.

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

ഹരിതകർമസേനാംഗങ്ങൾ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

എം സി എഫ് നേരിൽ സന്ദർശിച്ചതിന്റെ വിശദാംശം

24.08.2024-ന് സെക്രട്ടറി , ഹെഡ് ക്ലർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തി.കൈകാര്യം ചെയ്യാവുന്ന അളവിലുള്ള മാലിന്യങ്ങൾ മാത്രമാണ് ശേഖരിച്ചിട്ടുള്ളത്.പുതിയ എം സി എഫ് സംവിധാനം പണി പൂർത്തിയായി വരുന്നുണ്ട്.

എം സി എഫ് നിലവിൽ





പുതിയ എം സി എഫ് സംവിധാനം പണി പൂർത്തിയായി വരുന്നത്

ഭരണസമിതി സ്വീകരിച്ച നടപടികൾ

കൂടുതൽ സൗകര്യങ്ങളോട് കൂടിയ പുതിയ എം സി എഫ് സംവിധാനം പണി പൂർത്തിയായി വരുന്നുണ്ട്.2024-25 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കി പുതിയ എം സി എഫ് സംവിധാനം സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നേരിട്ടും സാമൂഹ്യ മാധ്യമങ്ങൾ വഴിയും ഹരിതകർമസേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാനും അവബോധം സൃഷ്ടിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ഭരണസമിതി ശ്രദ്ധിക്കുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2023-24 | 16-8-2024 മുതൽ 27-8-2024 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 454824 | ലൈഫ് മിഷൻ എസ്.സി | 0 | 454824 |
| | 2018-19 | 159000 | ലൈഫ് മിഷൻ ജനറൽ | 0 | 159000 |
| | 2023-24 | 419050 | സമഗ്ര നെൽകൃഷി വികസനം | 419050 | |
| | 2023-24 | 900000 | ലൈഫ്മിഷൻ -ജനറൽ | 900000 | |
| | 2023-24 | 1420000 | ലൈഫ് മിഷൻ-പട്ടികജാതി | 1420000 | |
| | 2023-24 | 390000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 390000 | |
| | 2023-24 | 90000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 90000 | |
| | | | | | |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 157379 | ലൈഫ് മിഷൻ എസ്.സി | 0 | 157379 |
| | 2018-19 | 3715 | ലൈഫ് മിഷൻ ജനറൽ | 0 | 3715 |
| | 2022-23 | 30000 | ആശ്രയ | 0 | 30000 |
| | 2023-24 | 566555 | സമഗ്ര നെൽകൃഷി വികസനം | 566555 | |
| | 2023-24 | 260000 | ലൈഫ്മിഷൻ -ജനറൽ | 260000 | |
| | 2023-24 | 130000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 130000 | |

| | | | | | |
|---|---|---|---|---|---|
| | 2023-24 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | |
| | | | | | |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2023-24 വർഷം KSEB ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 299/24 കളംചാള കുടിവെള്ള പദ്ധതി പൂർത്തീകരണം- ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കൽ | 148/ 19-12-2023 | 118020.00 | 0 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| KSEB | 136/24 വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (അടങ്കൽ രൂ.148112. 00) | 124/ 15-11-2023 | 15784.00 | 0 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| | | 149/ 19-12-2023 | 49881.00 | |
| | | 398/ 25-03-2024 | 10814.00 | |
| | | 413/ 25-03-2024 | 71633.00 | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | 5802152 | 3124158 | 8926310 | 1534204* | 0 | 7392106 |

(*) - സെക്രട്ടറി 6 G.O പ്രോജക്ടുകൾ പ്രകാരം തിരിച്ചടച്ച തുക

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നം / തിയ്യതി |
|---|---|---|---|---|
| 2021-22 | 1-21 (1) | 14691 | കെ.എം.ഗോപാലകൃഷ്ണൻ, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 1230200580/29.5.23 |
| 2021-22 | 1-21(2) | 13433 | വി.കെ.മോഹനൻ, വട്ടാരക്കുഴി, പാവുക്കോണം | 1230200554/25.5.23 |
| ആകെ | | 28124 | | |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-12 | 2011-12 | 2.5 | പദ്ധതി ഫണ്ടിന്റെ സമയബന്ധിത വിനിയോഗം ഉറപ്പാക്കുകയോ വിനിയോഗിക്കപ്പെടാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല- പൊതു അവലോകനം | സമിതി സിറ്റിംഗ് കഴിഞ്ഞിട്ടില്ല |
| | | 2011-12 | 3.2.12, 3.2.13 | പ്രവർത്തനാവലോകന റിപ്പോർട്ട്- റോഡ് നിർമ്മാണ പ്രവൃത്തികൾ | സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| | | 2015-16 | 5.2 | ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവത്കരണം- ജില്ലാതല വിഷയാധിഷ്ഠിത അവലോകനം | സമിതിയുടെ സിറ്റിംഗ് കഴിഞ്ഞിട്ടില്ല |
| | | 2016-17 | 9.3.2 | ജലവിതരണവും തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതയും | സമിതി സിറ്റിംഗ് കഴിഞ്ഞിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | - പ്രത്യേക റിപ്പോർട്ട് | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അവലോകനം | സമിതി സിറ്റിംഗ് കഴിഞ്ഞിട്ടില്ല |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 17338604 |
| ഓഡിറ്റ് വർഷത്തെ വരവ് | 47201129 |
| ആകെ വരവ് | 64539733 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41665660 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 108720 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക (രൂപയിൽ) | ഉത്തരവാദിയായ വ്യക്തി |
|---|---|---|
| 1-18 | 12020 | ശ്രീമതി.കാഞ്ചന.കെ.എ. അസിസ്റ്റന്റ് സെക്രട്ടറി സെക്രട്ടറി |
| 1-19 | 96700 | സെക്രട്ടറിശ്രീമതി.ജലജകുമാരി, സെക്രട്ടറി |
| ആകെ | 108720 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജലജകുമാരി, സെക്രട്ടറി | സെക്രട്ടറി, അനങ്ങനടി ഗ്രാമപഞ്ചായത്ത് | പ്രണവം, മായന്നൂർ പി.ഒ. തൃശ്ശൂർ- 679105 |
| ശ്രീമതി.കാഞ്ചന.കെ.എ. അസിസ്റ്റന്റ് സെക്രട്ടറി. | അസിസ്റ്റന്റ് സെക്രട്ടറി, അനങ്ങനടി ഗ്രാമപഞ്ചായത്ത് | ദേവി നിവാസ്, ആർ.എസ്. റോഡ്, പി.ഒ. മങ്കര, പാലക്കാട് |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | നം. കെ. എസ്. എ- പി. കെ.ഡി 16/1406/21 തീയതി 10.02.2022 | 1 | അദാലത്ത് |
| 1997-98 | | 2 | |
| 2002-03 | | 1 | |
| 2003-04 | | 1 | |
| 2004-05 | | 1 | |
| 2005-06 | | 1 | |
| 2007-08 | | 1 | |
| 2008-09 | നം. കെ. എസ്. എ-പി. കെ. ഡി 13/1805/22 തീയതി 28.11.22 | 8 | |
| 2009-10 | | 5 | |
| 2010-11 | | 6 | |
| 2011-12 | | 11 | |
| 2012-13 | | 11 | |
| 2013-14, 2014-15 | | 6 | |
| 2015-16 | | 6 | |
| 2016-17 | | 8 | |
| 2017-18 | | 6 | |
| 2018-19 | നം കെ.എസ്. എ-പി. കെ. ഡി 16/1229/19, 01.11.2019 | 11 | |
| 2019-20 | നം . കെ. എസ്. എ-പി. കെ. ഡി 13/1258/22 തീയതി 07.07.2022 | മുഴുവൻ | |
| 2020-21 | നം . കെ. എസ്. എ-പി. കെ.ഡി 13/1259/22 തീയതി 07.07.2022 | മുഴുവൻ | |
| 2021-22 | നം.കെ.എസ്.എ-പി.കെ.ഡി-16/303/2023 തീയതി 03.04.2023 | 23 | |
| 2022-23 | നം.കെ.എസ്.എ-പി.കെ.ഡി-16/1890/2023 തീയതി 27.12.2023 | 24 | |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(2) dated 30-05-2024 and submitted on 24-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Ananganadi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Ananganadi Grama Panchayat as on 31-03-2024

Date: **01/11/2024**

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Ananganadi Grama Panchayat for the Year 2023-2024 .

**1.Major Observations**

nil

**2.Other Observations**

1.Basic ratios and notes to accounts as per Kerala Panchayath Raj(Accounts) Rules, 2011 (Rule 62 e&f) not furnished with the AFS.

2. The amounts for receipt of non accrual nature in the RP 4and in the I 4 schedules are not matched

with.

3.Asset Register isnot updated.

4.New Building Register is not maintained and DCB is not prepared in the profession tax Register.

5.Lapses in the maintenance of Deposit Register,

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex-3

## വരവ് ചെലവ് കണക്കുകൾ സംഗ്രഹം

| Ananganadi Grama Panchayat BALANCE SHEET as on 31.3.2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 1943370.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 22978.00 |
| 312000000 | Reserves | B-3 | 78993789.00 |
| | **Total Reserve & Surplus** | | **80960137.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17331782.00 |
| | **Total Grants, Contributions for Specific Purposes** | | **17331782.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7392106.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **7392106.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 684443.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1666789.50 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2351232.50** |
| | **TOTAL LIABILITIES** | | **108035258.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 288211.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 68410.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 22951427.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 71108881.00 |
| 416000000 | Accumulated Depreciation | B-11(a) | -25946821.00 |
| | **Total Fixed Assets** | | **68470108.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7506984.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 6694898.00 |
| 450000000 | Cash and Bank Balance | B-17 | 22874073.00 |
| 460000000 | Loans, Advances and Deposits | B-18 | 2489195.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **39565150.00** |

| | | | |
|---|---|---|---|
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **108035258.00** |

(2)

**Ananganadi Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4765027.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4500.00 |
| 140000000 | Fee & User Charges | I-4 | 2707608.00 |
| 150000000 | Sale & Hire Charges | I-5 | 48918.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 48043025.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 249830.00 |
| 180000000 | Other Income | I-9 | 32632.00 |
| 190000000 | Prior Period Income | I-19 | 2875588.00 |
| | **Total Income** | | **55851540.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11328803.00 |
| 220000000 | Administrative Expenses | I-11 | 1095709.00 |
| 230000000 | Operations & Maintenance | I-12 | 4505509.00 |
| 240000000 | Interest & Finance Charges | I-13 | 37287.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4669837.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 30830622.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5658436.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 0.0 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1711762.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 6335134.00 |
| | **Total Expenditure** | | **66173099.00** |
| | **Gross Surplus / Deficit of income over Expenditure** | | **-10321559.00** |

| | | | |
|---|---|---|---|
| | **Gross Surplus / Deficit of income over Expenditure** | | **-12116300.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -1080847.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **1794741.00** |

(3)

| **Ananganadi Grama Panchayat RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17216663.00 |
| Cash | Cash | RP-40(a) | 121941.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 829410.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4500.00 |
| 140000000 | Fees & User Charges | RP-4 | 2541994.00 |
| 150000000 | Sale & Hire Charges | RP-5 | 48918.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11235600.00 |
| 171000000 | Interest Earned | RP-9 | 249830.00 |
| 190000000 | Prior Period Income | RP-11 | 18114.00 |
| 210000000 | Establishment Expenses | RP-12 | -90.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 101428.00 |
| 311000000 | Earmarked Funds | RP-28 | 611.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17983801.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10491090.00 |
| 460000000 | Loans, Advances and Deposits | RP-49 | 12000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 32632.00 |
| 330000000 | Secured Loans | RP-31 | 3124158.00 |
| 340000000 | Deposits Received | RP-33 | 54629.00 |
| 350000000 | Other Liabilities | RP-35 | 472504.00 |
| | **Grand total** | | **64539733.00** |
| | **PAYMENTS** | | |
| | **Operating** | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1051637.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 15000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6131739.00 |
| 460000000 | Loans, Advances and Deposits | RP-49 | 51011.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 88000.00 |
| 350000000 | Other Liabilities | RP-35 | 34328273.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22815872.00 |
| Cash | Cash | RP-40(b) | 58201.00 |
| | **Grand Total** | | **64539733.00** |

ഡെപ്യൂട്ടി ഡയറക്ടർ